# വിസ്മയം



# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യയുടെ വിവിധ സാധ്യതകൾ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത്, നാമെല്ലാവരും "ഹൈടെക് " ആകാനും " ഡിജിറ്റൽ" ആയി വസ്തുക്കളെ സമീപിക്കാനുമുള്ള ശ്രമം നടത്താറുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ രൂപംകൊണ്ട "LITTLE KITES" എന്ന IT ക്ലബ്ബ് വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ കുട്ടികളിലേക്ക് എത്തിക്കുന്നു. അതോടൊപ്പം പുതിയ സാങ്കേതിക വിദ്യകളും മനസ്സിലാക്കി വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്നുവെന്ന് നിസ്സംശയം പറയാം. ഈ ക്ലബ്ബിലെ അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ "വിസ്മയം "എന്ന ഡിജിറ്റൽ മാഗസിൻ ഏവരുടെയും മുന്നിൽ സവിനയം സമർപ്പിക്കുന്നു.

എന്ന്
സബ്എഡിറ്റർ
നയന.പ്രസാദ്
9A

എന്ന്
ചീഫ്എഡിറ്റർ
തൻസി.എൻ
9A

താളുകളിലൂടെ.........


| ക്രമ നമ്പർ | പദശേഖരം | പേജ് നമ്പർ |
|---|---|---|
| 1 | എന്റെ വിദ്യാലയം | 4 |
| 2 | അതിജീവനത്തിന്റെ നാളുകൾ | 5 |
| 3 | ഓണത്തിന്റെ കഥ | 6 |
| 4 | THE FROG | 9 |
| 5 | പ്രളയദുരന്തത്തിലെ കണ്ണീർത്തുള്ളികൾ | 10 |
| 6 | ആർട്ട് ബൈ ഗണേശ് | 11 |
| 7 | വിണ്ണിലെ രാജാക്കൻമാർ | 12 |
| 8 | അങ്കവാലൻ കോഴിയും അമ്മിണിയാടും | 13 |
| 9 | രാമുവിന്റെ വള്ളം | 14 |
| 10 | KERALA FACT FILE | 15 |
| 11 | കടങ്കഥകൾ | 17 |
| 12 | ഹരിതകേരളം സുന്ദരകേരളം | 19 |
| 13 | ഒന്നിച്ചു മുന്നേറാം | 21 |
| 14 | ഒരു പുലി കെണിയിൽപ്പെട്ട കഥ | 22 |
| 15 | ഓസോണിന്റെ കഥ | 24 |
| 16 | ആർട്ട് കോർണർ | 27 |
| 17 | OH LIFE | 30 |
| 18 | ഓണക്കവിത | 31 |
| 19 | അമ്മ | 32 |
| 20 | പക | 33 |
| 21 | പ്രതികാരം പാടില്ല | 35 |
| 22 | होली आई | 38 |
| 24 | ചെറുകഥ | 39 |
| 25 | चींटीं लाई राखि | 42 |
| 26 | ബലൂൺ കുട്ടൻ | 45 |

# എന്റെ വിദ്യാലയം

നീലാകാശം കുടപിടിക്കുന്ന
പച്ചപ്പട്ട് ചേലയുടുത്ത കുന്നിൻ ചരുവിലാണ്
എന്റെ വിദ്യാലയം .
ചെമ്മൺ പാതയിലൂടെ നടന്നു വരുന്ന ഞങ്ങളുടെ
പൊട്ടിച്ചിരി കേട്ടുകൊണ്ട് കളകളമൊഴുകുന്ന അരുവിയുണ്ട്
വിദ്യാലയമുറ്റത്ത് തണൽ വിരിച്ചുനിൽക്കുന്ന ഞാവൽ –
മരത്തിന് കുന്നിനോളം വലുപ്പമുണ്ട്
ചില്ലകൾ നിറയെ ഞാവൽപഴങ്ങൾ
ഞാവൽപഴം ഞെണ്ടിൽ നിന്നാടർന്നു വീഴുന്നത് കാത്ത്
ഞങ്ങൾ കാവൽ നിൽക്കും
അതിനു മുമ്പേ ഞാവൽപഴം തട്ടിയെടുക്കാനായി
മരത്തിന്റെ ചില്ലകളിൽ കാത്തിരുന്ന കൂട്ടുകാർ.
അവർ ആരൊക്കെയാണെന്നോ?
അണ്ണാൻ, കുരുവികൾ,........
വിദ്യാലയത്തിനടുത്തായി ഞങ്ങൾ നട്ടുവളർത്തിയ
പൂന്തോട്ടമുണ്ട്.
പലവർണങ്ങളിലുള്ള ഭംഗിയുള്ള പൂക്കൾ
ചുവപ്പ്,മഞ്ഞ,നീല,വെള്ള.............
ഇളംകാറ്റ് പതുങ്ങിയെത്തുമ്പോൾ പൂക്കൾ പറന്നു
പോകുന്നതുപോലെ.
പുള്ളിയുടുപ്പിട്ട പൂമ്പാറ്റകൾ
തുമ്പികളും വണ്ടത്താന്മാരും കൂട്ടിനുണ്ട്.

# അതിജീവനത്തിന്റെ നാളുകൾ

കേരളം ഇന്ന് വളരെ വലിയ ഒരു ദുരവസ്ഥ നേരിടുകയാണ്. പ്രളയമെന്ന രാക്ഷസൻ നമ്മുടെ കൊച്ചുകേരളത്തെ വിഴുങ്ങിയിരിക്കുകയാണ്. നമ്മൾ ഒറ്റക്കെട്ടായി പൊരുതിയാൽ മാത്രമേ നമ്മൾക്ക് ഇതിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. ഒരുമയുണ്ടെങ്കിൽ 'ഉലക്കമേലും കിടക്കാം 'എന്ന് നമ്മൾ ധാരാളം കേട്ടിട്ടു–ണ്ടല്ലൊ? അത് നാം പ്രാവർത്തികമാക്കണം അതിനൊരവസരമാണിത്. ഈ പ്രളയം കൊണ്ട് മനുഷ്യർ ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തതിന്റെ ഫലമാണിത്. നാം ഇനിയെങ്കിലും ഇതെല്ലാം നിർത്തിയിട്ട് പ്രകൃതിയെ സ്നേഹിച്ച് സുന്ദരമായ ഒരു കേരളത്തെ കെട്ടിപടുക്കേണ്ടതുണ്ട്.ഇനി ഒരു പ്രളയം വന്നാൽ അതിനെച്ചെറുക്കാൻ കഴിയും തക്കവിധത്തിൽ വേണം നമ്മൾ ഇനി നവകേരളം വാർത്തെടുക്കാൻ.

അതിനായി ആദ്യം മനുഷ്യൻ പ്രകൃതിയെ സ്നേഹിക്കാൻ പഠിക്കണം. പ്രകൃതിയെ ഒരിക്കലും ചൂഷണം ചെയ്യാൻപാടില്ല. അതായത് നദിയിൽ നിന്ന് മണ്ണ് വാരരുത്. കുന്നുകൾ ഇടിച്ച് നിരത്തരുത്. വനങ്ങൾ നശിപ്പിക്കരുത്. അതായത് പ്രകൃതിമാതാവിനെ വേദനിപ്പിക്കുന്ന ഒരു പ്രവർത്തിയും ചെയ്യരുത് നാം മരങ്ങൾ നട്ടുപിടിപ്പിക്കണം. ഒരു മരംനശിപ്പിച്ചാൽ പത്തുമരം വച്ചുപിടിപ്പിക്കണം. ഇന്ന് ധാരാളം ജനങ്ങൾക്ക് വീടില്ല .അവരുടെ വീടും സ്വത്തുക്കളുമെല്ലാംഒഴുകിപോയിരിക്കുന്നു. ഗവൺമെന്റ് ആദ്യം അവർക്കെല്ലാം നല്ലൊരു വീട് വച്ച് കൊടുക്കണം. അതിന് എല്ലാ ജനങ്ങളും സഹായിക്കുകയും വേണം.ഈ പ്രളയത്തിൽ തളർന്നുപോയ ധാരാളം കുട്ടികളുണ്ട്. കുട്ടികൾ വളർന്നുവരുന്ന തലമുറയാണ്. അവരെ നല്ല ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വരണം. എല്ലാ ജനങ്ങൾക്കും നല്ല ആത്മവിശ്വാസം പകർന്ന് കൊടുക്കണം. ഇനിയൊരു പ്രളയം വന്നാൽ കേരളത്തിന് നേരിടാൻ കഴിയണം. എല്ലാം നല്ല ഉദ്ദേശത്തോടുകൂടി വേണം ചെയ്യാൻ.നമ്മൾ ജാതിവേർതിരിവൊന്നുമില്ലാതെ മനുഷ്യൻ എന്ന ഒറ്റ ജാതി മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. പിന്നീട് രാഷ്ട്രം നമ്മൾ ജനങ്ങൾ നൽകുന്ന പൈസ ആവശ്യക്കാർക്ക് നൽകാതെ രാഷ്ട്രീയക്കാർഅത് എടുക്കുന്നുണ്ട്. അവർ ഇപ്പോഴും അഴിമതിക്കാരാണ്. അത് ആദ്യം നിർത്തണം. നമ്മൾ ഒന്നിച്ച് പ്രവർത്തിച്ചാൽ നമുക്ക്നവകേരളം പടുത്തുയർത്താം .

രോഹിണി.വി. എസ്, 8B

# ഓണത്തിന്റെ കഥ

"അടിയൻ; ഒരാൺകുട്ടി കൊട്ടാരവാതിലിനടുത്ത് കാത്തുനിൽ–ക്കുന്നു".ഡർബാർ കൂടിയിരിക്കുമ്പോഴാണ് ഭടൻ കയറി വന്ന് ഉണർത്തിച്ചത്. പെട്ടെന്ന് ഡർബാർ നിശ്ശബ്ദമായി. വളരെ
കാലമായുണ്ടായ അനുഭവം! മഹാബലി ഭടന്റെ നേരെ നോക്കി.

"പരാതിക്കാരെയും അപേക്ഷകരേയും കണ്ടിട്ട് ഏറെ നാളായി.ആർക്കും നമ്മെക്കൊണ്ട് ആവശ്യമില്ലാതായി.എപ്പോഴും ആർക്കും നമ്മുടെ ഡർബാറിലേയ്ക്കു കയറി വരാം.ഒരു ഉത്തരവും വേണ്ട."

സാമാജികരെല്ലാം എഴുന്നേറ്റുനിന്ന് ഒരേ സ്വരത്തിൽ ആശംസിച്ചു.

"മഹാബലി ചക്രവർത്തി വിജയിക്കട്ടെ!"

ഒരു സമാജികൻ വിനയസമന്വിതം ഉണർത്തിച്ചു.
"അവിടത്തെ നന്മയുടെ പ്രകാശം പ്രജകളെ തഴുകിക്കൊണ്ടിരിക്കുന്നു.പിന്നെ ആർക്കുണ്ടാകും പരാതി?"

മറ്റൊരു സമാജികൻ കയറിപ്പറഞ്ഞു.

"എങ്ങും സംതൃപ്തിയുടെ മുഖങ്ങൾ മാത്രം ദാരിദ്ര്യമില്ലങ്കിൽ,നാളയെ ഭയമില്ലെങ്കിൽ എന്തിന് സ്വത്ത് കാത്തുസൂക്ഷിക്കണം! മഹാബലി ചക്രവർത്തി നീണാൾ വാഴട്ടെ."

"വാക്കുമാറ്റത്തേയും കാലുമാറ്റത്തേ പറ്റി കേട്ടിട്ടേയുള്ളൂ. അനുഭവത്തിലില്ല. അതുപോലെ കള്ളപ്പറയും കള്ളത്രാസും ഇവിടത്തെ കാഴ്ച്ചബംഗ്ലാവിൽ പോലുമില്ല." വേറൊരു സമാജികൻ പറഞ്ഞുനിർത്തി. മഹാബലി പുഞ്ചിരി തൂകി. "നാം ചക്രവർത്തിയാണ്. പ്രജകളുടെ ക്ഷേമമാണ് നമ്മുടെ വളർച്ച."

ഒരു പയ്യൻ അകലെ നിന്ന് അടിവച്ചടിവച്ച് വരുന്നത് മഹാബലിയും ഡർബാറിലെ അംഗങ്ങളും കണ്ടു.

തേജസ്സുറ്റ കുട്ടിപ്പട്ടർ!

"ഈ പയ്യനു എന്താണാവോ...... ?"
വാമനൻ മഹാബലിയെ നമസ്കരിച്ചു.
"കുട്ടി, നിനക്ക് എന്താണ് പരാതി ! എന്താണ് ആവശ്യം? നിന്നെ തൃപ്തനാക്കാതെ നമുക്കിന്ന് ജലപാനമില്ല".
" രാജൻ ഇരുന്ന് തപസ്സുചെയ്യാൻ മൂന്നടിസ്ഥലം വേണം."
"ഇതാണൊ!"മഹാബലിപൊട്ടിച്ചിരിച്ചു സഭവാസികൾ തമ്മിൽ തമ്മിൽ നോക്കി.
രാജഗുരു ധ്യാനമഗ്നനായി.മൂന്നടിയോ ഹ... ഹാ... ഈ നാട്ടിൽ മൂന്നടി സ്ഥലം കണ്ടുപിടിച്ചില്ലെ?
ഇല്ലതിരുമനസെ
എന്ത്
എനിക്കു സ്വന്തമായി മൂന്നടി സ്ഥലം വേണം
എടുത്തുകൊള്ളു .എവിടെ നിന്നെങ്കിലും എടുക്കു

# വിസ്മയം

ദാനമായി തരണം നോം തിരിച്ചുതരില്ല
ഇതാ മൂന്നടിസ്ഥലം ദാനജലം വാമനന്റെ കൈകളിലേക്ക്
വിഴ്ത്താനൊരുങ്ങിയപ്പോൾ രാജഗുരു കണ്ണുതുറന്നു അദ്ദേഹം അരുളി
പാടില്ല. ദാനം ചെയ്യരുത്.ചതി കൊടും ചതി
എന്ത്!
മഹാരാജൻ ഇദ്ദേഹം വെറും പയ്യനല്ല.സാക്ഷാൽ മഹാവിഷ്ണു. അവിടത്തെ സൽഭരണത്തിൽ സുഖലോലുപരായ ജനങ്ങൾ ദേവകളെ മറന്നു.അവർക്ക് പൂജകൾ ചെയ്യാതായി .അതോടെ ദേവലോകത്തിൽ ദാരിദ്ര്യവും രോഗങ്ങളും വർദ്ധിപ്പിച്ചു.ദേവൻമാർ
പാലാഴിവാസനായ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചു മഹാവിഷ്ണു അവതാരമെടുത്തു ഈ നിൽക്കുന്ന വാമനനായിട്ട്. അങ്ങ് വാക്കുപാലിച്ചാൽ ഈ ഭൂമി ദേവകളുടേതാകും. ഇത്രയും പറഞ്ഞപ്പോൾ അസുരഗുരു വിറയ്ക്കുന്നുണ്ടായിരുന്നു.
വാക്കുകൊടുത്ത്പൊയി ഗുരോ
ചക്രവർത്തി ഇതൊക്കെ കേട്ടുനിൽക്കാൻ നമ്മുക്ക് നേരമില്ല. വേഗമാകട്ടെ വാക്കുമാറ്റാനാണ് ഭാവമെങ്കിൽ നോം പോകുന്നു.
വാമനൻ ധൃതികൂട്ടി. മഹാബലി സിംഹാസനത്തിൽ നിന്നിറങ്ങി വാമനന്റെ അരികിലേക്ക് ചെന്നു
ബലിയുടെ വാക്കിനു മാറ്റമില്ല
മഹാബലിയുടെ വലതുകൈയിലൂടെ ജലം വാമന്റെ കൈക്കുമ്പിളിൽ നിറഞ്ഞു. പെട്ടന്ന് വാമനൻ ആകാശംമുട്ടെ വളർന്നു. ഒരു ചുവടുകൊണ്ട് അദ്ദേഹം ഭൂമിയും സ്വർഗവും അളന്നെടുത്തു.രണ്ടാമത്തെ ചുവടുകൊണ്ട് പാതാളവും. മൂന്നാമത്തെ ചുവടുവെയ്ക്കാൻ സ്ഥലമെവിടെ?
വാമനൻ മഹാബലിയുടെ നേരെനോക്കി.
ഹേ!അസുരചക്രവർത്തി എവിടെസ്ഥലം? വാക്കുമാറ്റരുത്. എനിക്കസ്ഥലം തരാതെപറ്റില്ല
മഹാബലി പറഞ്ഞു
തരാമല്ലോ. അദ്ദേഹം തൊഴുകൈയോടെ തലകുനിച്ചു അളന്നെടുത്തുകൊള്ളു. അതിനുമുൻപ് ഒരു അപേക്ഷയുണ്ട്.എന്നും പൊന്നും ചിങ്ങമാസത്തിലെ തിരുവോണദിവസം പ്രജകളെ വന്നു
കാണാൻ അനുവദിക്കണം
വാമനൻ തലയാട്ടി. പിന്നെതാമസിച്ചില്ല. വാമനൻ മഹാബലിയുടെ ശിരസ്സിൽ വലതുപാദംവച്ച് ചവിട്ടി പാതാളത്തിലേക്ക് താഴ്ത്തി. അന്നുമുതൽ ചിങ്ങമാസത്തിലെ തിരുവോണനാളിൽ മഹാബലി കേരളക്കരയിലേക്ക് പ്രജകളെ കാണാനായി വരുമെന്നാണ് ഐതിഹ്യം.

അഭയ്സുരേഷ്,9C


# The frog

A little green frog once lived in a pool
The sun was hot, but the water was cool
He sat in the pool the whole day long
And sang a queer little,dear little song

"Quaqqery doo ,quaqqery dee
No one was ever as happy as me!,
he sang this song to his little green brother;
And if you don't like it, then make me another!

**SAHEER.S**

**9B**




# പ്രളയദുരന്തത്തിലെ

# കണ്ണുനീർ തുള്ളികൾ

ആഗസ്റ്റ്-16-ാം തീയതി അന്നത്തു നടന്നു.
മനുഷ്യനെ കണ്ണുനീരിൽ ആഴ്ത്തി ഒരു മഴ.
ലോകം മുഴുവൻ അടിയമർത്തികൊണ്ട്
ഒരു മഴ. മണ്ണിടിയൽ കാരണം എണ്ണുറോളം
മനുഷ്യനെയും മറ്റുളളവരുടെ വീടുകളും
നഷ്ടമായി. ഞങ്ങൾ ഇനി എന്തു ചെയ്യും.
അവർ ഭ്രാന്തരെ പോലെ അലഞ്ഞു നടന്നു.
എന്റെ ദൈവങ്ങളെ ! ഈ മഴ ഞങ്ങളുടെ
ജീവിതം തകർക്കുകയാണ്. ഞങ്ങൾ എല്ലാവരും
നിസഹയരാണ്. ഈ ലോകത്തിൽ എല്ലാവരും മറ്റുള്ളവരുടെ ദുരന്തം
വാർത്തകളിലൂടേയും മറ്റുള്ളതിലൂടേയും അറിഞ്ഞു കരയുന്നു. മൂന്ന്
ദിവസങ്ങളോളം നീണ്ടുനിന്ന മഴ 100 കണക്കിന് മനുഷ്യരെയാണ്
കൊണ്ടുപോയത്. നമ്മുടെ മത്സ്യത്തൊഴിലാളികൾ ആരും വിളിക്കാതെ
തന്നെ മറ്റുള്ളവരുടെ മനസറിഞ്ഞ് അവർ എത്തി. മുതുക് ചവിട്ടുപടിയാക്കി
മറ്റുളളവരുടെ ജീവൻ രക്ഷിച്ചു. മത്സ്യത്തൊഴിലാളികൾ ജാതി-മത
ഭേദമില്ലാതെ എല്ലാവരെയും രക്ഷിച്ചു.
നമ്മുടെ മത്സ്യത്തൊഴിലാളികൾക്കും സൈനികസേനയ്ക്കും ഒരു BIG SALUTE.

സുബലക്ഷ്മി, 8A
GANESH.D,9C

## വിസ്മയം



# വിണ്ണിലെ രാജാക്കന്മാർ

ഇന്നലെ കണ്ടോരീ നീല നിലാവിനെ
ഇഇന്നലെ കണ്ടോരീ നീല നിലാവിനെ
ന്നായപ്പോൾ കണ്ടില്ല
കത്തിജ്ജ്വലിക്കുന്ന സൂര്യനെപ്പോലെ
തുടിച്ചൊരു താരകം കണ്ടില്ല.
വിണ്ണിൻറ മാറിൽ നിന്നാരൊ ചുരത്തിയ
വെൺമഴ നീരോ കണ്ടില്ല.
കണ്ണില്ലാ മൂക്കില്ലാതോടി നടക്കുന്ന
കാർമേഘത്തെയും കണ്ടില്ല.
കുങ്ഗ്മം ചാർത്തിയ പെണ്ണിൻറ ചേലുള്ള
അഷ്ട്മി സൂര്യൻ ഉദിച്ചല്ലോ.
സന്ധ്യ തുടിച്ചു കയറുമ്പോൾ വന്നെത്തും
അമ്പിളി മാമനോ വന്നെത്തി
മൊട്ടിട്ടു പൂവിട്ടു നിൽക്കുമീ
താരക പെണ്ണുങ്ങളെങ്ങനെ വന്നെത്തി.
അമ്പിളി മാമൻറ ചെപ്പിലൊളിപ്പിച്ച
നീല നിലാവിന്നു വന്നെത്തി.
വിണ്ണിൽ ഐശ്വര്യം തൂകുമി
രാജാക്കന്മാർ വന്നെത്തി.

ABHIRAMI,9B

# അരുവിപ്പുറത്തെ അങ്കവാലൻകോഴിയും

അമ്മിണിയാടും.അടുത്തുള്ളഅമ്പലപ്പറ- മ്പിൽ ഒത്തുകൂടും.ഒരിയ്ക്കൽ അമ്മിണിയാട് അമ്പലപ്പറമ്പിലെ അരയാലിൻ തറയിൽ

കിടന്നു മയങ്ങുകയായിരുന്നു.നല്ല ഉച്ചസമയം.

അമ്മിണിയാടിന് വല്ലാത്ത ദാഹം.അടുത്തുള്ള അമ്പലക്കുളത്തിൽ നിറയെ വെള്ളമുണ്ട്.അന്ന് അങ്കവാലൻ കോഴി വന്നില്ല.എല്ലാദിവസവും അങ്കവാലൻ കോഴിയും അമ്മിണിയ്ടും ഒന്നിച്ച് അമ്പലക്കുളത്തിലെത്തി വെള്ളം കുടിക്കും.അമ്മിണിയാടിന് ഒറ്റക്ക്അമ്പ ലക്കുളത്തിൽപോകാൻപേടിയാണ്അതു കൊണ്ട്അമ്മിണിയാട്ദാഹം സഹിച്ച് തന്റെ അമ്മയെകാത്തിരുന്നു.അമ്മ വന്നപ്പോൾ കുറച്ചുവൈകി. കഞ്ഞിയും കാടിയുമായി അമ്മ ദൂരെനിന്ന് വരുന്നത്അവൾകണ്ടു.

ങ്മേ....ങ്മേ...അമ്മിണികരഞ്ഞുകൊണ്ട്അമ്മയുടെഅടുത്തെത്തി. അമ്മ കാടി അമ്പലപ്പറമ്പിലെ അരയാലിൻ തറയിൽ വച്ചു ദാഹിച്ചു വലഞ്ഞ അമ്മിണി അരിക്കാടി അം...അം...എന്നു പറഞ്ഞ് കുടിച്ചു തീർത്തു.

അയ്യോ എന്നെ ഉറുമ്പു കടിച്ചേ

അമ്മിണി അലറിക്കരഞ്ഞു.


അന്ന് അമ്മിണി അമ്മയോട് മിണ്ടിയില്ല.നാവിൽ ഉറുമ്പു കാടിച്ചതിന്റ ദേഷ്യം അമ്മിണിയുടെ മുഖത്തുണ്ട്.

അമ്മയുടെ മുഖം വാടി.അമ്മിണിക്ക് അതുകണ്ടപ്പോൾ സഹിച്ചില്ല.അമ്മിണിഓടിച്ചെന്ന് അമ്മേട്ക്കൊരു പൊന്നുമ്മ കൊടുത്തു.ഇപ്പോ....ദേ...അമ്മിണിയും അമ്മയും ഒന്ന്.അവരെന്തൊരു കൂട്ടാ.

നയന

# രാമുവിന്റെ വള്ളം

വള്ളക്കാരൻ രാമു
വള്ളത്തിൽ കയറി. പങ്കായം നോക്കി
പങ്കായംകാണുന്നില്ല. തിരികെ വീട്ടിലെത്തി
വീടിനു പിറകിൽ നോക്കി. പങ്കായം കാണുന്നില്ല
വീടിനു ചുറ്റിലും നോക്കി
കുറ്റിക്കാട്ടിൽ നോക്കി
കായലിൽ നോക്കി കടൽക്കരയിൽ നോക്കി
പങ്കായം കാണുന്നില്ല
കുഴിയിൽ നോക്കി കിണറ്റിൽ നോക്കി
അവിടെയുമിവിടെയുമെല്ലാം നോക്കി
പങ്കായം കണുന്നില്ല
ഒരിക്കൽകൂടി വള്ളത്തിൽ നോക്കി
വളത്തിനുളളിൽ പങ്കായം
വളളക്കാരൻ രാമു
വളളം വെളളത്തിലിറക്കി
വളളം തുഴഞ്ഞു
**യാത്രയായി** .



AZIF.S , 9C

# KERALA FACT FILE

1.The Government of which country aided the Idukki Arch Dam project with long term loans and grants?

Ans: Canada

2.The most popular aromatic rice variety endemic to kerala is...........?

Ans: Njavara

3.which is the first place in kerala to be installed with a wind energy farm?

Ans: Ramakkalmedu

4.Which is the longest daily train running in India?

Ans: The Kerala Express(Trivandram-New Delhi)

5.Which is the major soil variety of Kerala ?

Ans: Laterite Soil

6.Which was the first National park of kerala ?

Ans: Iravikulam National Park

7.The total land area of Kerala is..........sq.miles ?

Ans: 15,005 sq.miles

8.The first textile mill in Kerala was started at ............?

Ans: Kollam

9.Who introduced the rubber plant to Kerala?


Ans: The Dutch

10.Which is the largest gap in the Western Ghats ?


Ans: Palakkad Gap

SREEDARSH.S

# വിസ്മയം



9B



sameer.s ,6A

# കടങ്കഥകൾ

1.മുറ്റത്തെ ചെപ്പിനടപ്പില്ല?

കിണർ




2.കാള കിടക്കും കയറോടും?

മത്തൻ



3.ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര?



ചെരുപ്പ്


GANESH,9C




ആർട്ട്@GIMP

BY AZIF

9C



# ഹരിതകേരളം

# സുന്ദരകേരളം

കൂട്ടരേ നമ്മൾക്ക് കഴിഞ്ഞുപോയ
പ്രളയത്തെ മറക്കാം
ഇനിയുള്ള നമ്മുടെ കേരളത്തെ
നമ്മുക്ക് ഒറ്റക്കെട്ടായി വാർത്തെടുക്കാം

ജീവന്റെ തുടിപ്പുകളായ ഓരോന്നും
നമ്മുക്കിനി പുനർനിർമ്മിക്കാം കൂട്ടരെ
നമ്മുടെ കേരളത്തെ നമ്മുക്കിനി
പച്ചപ്പാർന്ന കേരളമാക്കി മാറ്റാം

ഒരുമിക്കാം ഒരുമിക്കാം നമ്മുക്കിനി ഒത്തോരുമിക്കാം
നമ്മുടെ കേരളത്തിനു വേണ്ടി
നമ്മുക്കിനി ഒത്തൊരുമിക്കാം
പുഴയും വയലും തോടുകളും
ഉള്ളതാക്കി മാറ്റാം നമ്മുടെ കേരളത്തെ

പച്ചപ്പുള്ള കേരളമാക്കാൻ
നമ്മുക്കിനി ഓരൊ കൊച്ചുതൈകളും
നട്ടുവളർത്താം കൂട്ടരേ
മലയാളികളെ നമ്മുക്കിനി ഒത്തുചേരാം

നമ്മുടെ കേരളത്തെ പുനർനിർമ്മിക്കാൻ
സമ്പത്തൊ സൗഭാഗ്യങ്ങളൊ വേണ്ട
പച്ചപ്പുള്ള കേരളം മാത്രം മതി കൂട്ടരേ

ഹരിതകേരളം സുന്ദരകേരളം
പച്ചപ്പിൻ കേരളമാക്കാം കൂട്ടരെ

## വിസ്മയം

സുന്ദരമായ കേരളത്തെ കാണാൻ
വരട്ടേ വിദേശികൾ

നമ്മുടെ സ്വന്തം കേരളത്തിൽ ജീവിക്കുന്നതിൽ
നമ്മുക്ക് അഭിമാനിക്കാം കൂട്ടരേ
ഒത്തൊരുമിച്ചൊരു സുന്ദരകേരളം
വാർത്തെടുക്കാം കൂട്ടരേ

കേരളസംസ്കാരത്തിൻ പെരുമ
ഉയരട്ടെ എങ്ങും
നല്ലൊരു നാളേയ്ക്കുവേണ്ടി
പുനർനിർമ്മിക്കാം നമ്മുടെ കേരളത്തേ!

# ഒന്നിച്ച മുന്നേറാം

ഒന്നായി മാറാം
ഒരുമിച്ച ചേരാം
ഒരുമനമായി ഒന്നിച്ച മുന്നോട്ടുനീങ്ങാം

ദുരിതങ്ങളാട്ടെ ദുരിതങ്ങളാട്ടെ
പോരാട്ട വീര്യം പകർന്നുവന്നാട്ടെ

ഒന്നായിമാറാം
ഒരുമിച്ച ചേരാം
ഒരുമനമായി ഒന്നിച്ച മുന്നോട്ടുനീങ്ങാം

മുന്നോട്ട് നീങ്ങാം
മുന്നോട്ട് നീങ്ങാം
തളരാതെ നോക്കാം കണ്ണുനനയാതെ നോക്കാം

കരുതലിൻ കനിവൂറും മനമോടെ എന്നും കരുതി-
യിരിക്കാം
ദുഷ്ടങ്ങൾ ചൊല്ലി വിലപിച്ചിട്ടുമ്പോൾ
ആശ്വാസഹസ്തങ്ങൾ ആവാം ആശ്രയ
സങ്കേതമാവാം
എന്നും ആനന്ദചിത്തമൊരുക്കാം
ഒന്നായി മാറാം
ഒന്നിച്ചുചേരാം
ഒരുമനമായി ഒന്നിച്ച മുന്നോട്ടുനീങ്ങാം

ARYA.S
9A

# ഒരു പുലി കെണിയിൽപ്പെട്ടകഥ

പണ്ട് പണ്ട് ഒരുകാട്ടിൽ ഉണ്ടനും കമലുവും ഉണ്ടായിരുന്നു. അങ്ങനെ ഒരിക്കെ ഒരു ദിവസം ഉച്ചഭക്ഷണം കഴിച്ചിട്ട് കിടക്കുകയായിരുന്നു. അപ്പോൾ നല്ലൊരു മണം ഉണ്ടൻ പറഞ്ഞു.
അപ്പുറത്തെ വീട്ടിൽ നല്ല മണം അവിടെ നിന്നും ചേച്ചി രണ്ട് ഉണ്ണിയപ്പം കൊണ്ടുവരുന്നതുകണ്ടു ആ ദേശ്യത്തിൽ കമലു തന്റെ വീട്ടിൽ പോയി ഉണ്ണിയപ്പം ഉണ്ടാക്കേണ്ട സാധനങ്ങൾ കൊണ്ടുവന്നു അപ്പോഴാണ് ഓർക്കുന്നത് ചുള്ളികമ്പ് ഇല്ലല്ലോ അങ്ങനെ കാട്ടിൽ ചുള്ളികമ്പു പറക്കാൻ ചെന്നപ്പോൾ ഒരു പുലി അപ്പോൾ അവർ പുലിയോട് പറഞ്ഞു അയോ കോല്ലല്ലേ ഞാനിന്ന് ഉണ്ണിയപ്പം ഉണ്ടാക്കും അതിൽ 12 എണ്ണം ഉണ്ട് അതിൽ 2 എണ്ണം നമ്മൾ തിന്നിട്ട് ബാക്കി 10 എണ്ണം നിനക്ക് തരാം എന്നുപറഞ്ഞു അവർ അപ്പോൾ പുലി പറഞ്ഞു ഞാനിന്ന് 8 മണിയാകുമ്പോൾ വീട്ടിൽ വരാം. അപ്പോൾ എനിക്ക് തന്നിരിക്കണം അല്ലങ്കിൽ ഞാൻ നിങ്ങളെ തിന്നും. അവർ ഉണ്ണിയപ്പം ഉണ്ടാക്കി. അവർ അകിൽ നിന്നും 2 എണ്ണം തിന്നു ബാക്കി 10 എണ്ണം ഉണ്ടായിരുന്നു. ഉണ്ടനറിയാതെ കമലം 1 ഉണ്ണിയപ്പവും കമലമറിയാതെ ഉണ്ടനും 1 ഉണ്ണിയപ്പം തിന്നു. രണ്ടുപേരും തിന്ന് തിന്ന് 2 ഉണ്ണിയപ്പം ബാക്കിവന്നു. അപ്പോൾ അവർ പറഞ്ഞു നമുക്ക് ഒളിച്ചിരിക്കാം. ബാക്കിയുണ്ടായിരുന്ന 2 എണ്ണം കൂടിതിന്നിട്ട് അവർ ഒളിച്ചിരുന്നു. അതിനുമുൻപ് പടികൾക്ക് മുകളിൽ നിന്ന് എണ്ണയൊഴിച്ചിട്ടിരുന്നു.
8 മണിയായപ്പോൾ പുലിയെത്തി. അവരെ വിളിച്ചിട്ട് അവർ വിളികേട്ടില്ല. അതുകൊണ്ട് പുലി അകത്തുകയറി പടികൾക്കു മുകളിൽ നിന്ന് ശബ്ദം കേട്ടപുലി പടികയറി.
കയറുന്നതിനിടയിൽ

## വിസ്മയം

കാലുവഴുതി വീഴാൻപോയപുലി ജനൽ വഴി കിണറ്റിലേക്കാണ് വീണത്. അതുകാണാൻ വേണ്ടിയിറങ്ങിയ ഉണ്ടനും കമലുവും കാലുവഴുതി കിണറ്റിലേക്കു വീണു.

ഇതിൽ നിന്നും മനസിലാകുന്നത്.....
അവനവൻ കുഴിച്ച കുഴിയിൽ അവനവൻ തന്നെ വീഴും

THANZI.N
9A



# ഓസോണിന്റെ കഥ

അന്തരീക്ഷം നന്നായിരുന്നാൽ നമ്മുടെ ജീവിതവും സുഖകരമായിരിക്കും എന്ന് ഓർമപ്പെടുത്തിക്കൊണ്ട് ഈ വർഷവും ഓസോൺ ദിനം കടന്നുവരുകയാണ്. മനുഷ്യന്റെ നന്മയുടേയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലം വിജയമാണ് എന്ന് ഓർമിപ്പിക്കുന്നതാണ് ഓസോൺ ദിനം.ഓസോൺ ദ്വാരം അടഞ്ഞുതുടങ്ങി എന്ന ആശ്വാസമാണ് അതിന് കാരണം.

## ഓസോൺ

*ഓക്സിജന്റെ മൂന്ന് ആറ്റങ്ങൾ ചേർന്ന തന്മാത്ര
*നീല നിറം
*ശ്വസനത്തിന് ഉചിതമല്ല
*ഭൂമിയിലെ ഓസോണിന്റെ ഏതാണ്ട് 90 %
സ്ട്രാറ്റോസ്ഫിയറിൽ സ്ഥിതിചെയ്യുന്നു.
*ഓസോൺ പാളി അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തി ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുന്നു.

## ഓസോൺ ശോഷണം

*മനുഷ്യൻ ഉത്പാതിപ്പിക്കുന്ന സി.എഫ്.സി അന്തരീക്ഷത്തിലെത്തുന്നു
* സി എഫ് സി യിൽ അൾട്രവയലറ്റ് രശ്മി പ്രവർത്തിക്കുന്നു
*ക്ലോറിൻ സ്വതന്ത്രമാകുന്നു
*ക്ലോറിൻ ആറ്റം ഓസോൺ തന്മാത്രയെ വിഘടിക്കുന്നു
*ഒരു ക്ലോറിൻ ആറ്റത്തിന് ഒരു ലക്ഷം വരെ ഓസോൺ തന്മാത്രകളെ ശിഥിലീകരിക്കാം.


## ഓസോണിന്റെ വില്ലൻമാർ

ക്ലോറൊഫ്ലൂറോകാർബൺ (സി എഫ് സി)
ഹൈഡ്രോക്ലോറോഫ്ലൂറോകാർബണുകൾ (എച്ച് സി എഫ് സി)
കാർബൺടെട്രാക്ലോറയിട് (സി റ്റി സി)
ഹൈഡ്രോബ്രോമൊഫ്ലൂറൊ കാർബണുകൾ (എച്ച് ബി എഫ് സി)
ഹാലോണുകൾ
മീഥേയിൽ ബ്രോമൈയിട്


## സമീപകാല മുന്നേറ്റങ്ങൾ

ഓസോൺ ശോഷണ പദാർഥങ്ങളുടെ നിരോധനംമൂലം ഒസോൺശോഷണത്തിൽ 20 ശതമാനത്തോളം കുറവുവന്നതായി നാസയുടെ കണ്ടെത്തൽ.ഔറ എന്ന ഉപഗ്രഹം നൽകിയ വിവരങ്ങളിലാണ് ഇതു പറയുന്നത്. അന്റാർട്ടിക്കയിലെ ശൈത്യത്തിൽ 2005–ൽ ഉണ്ടായതിനെ അപേക്ഷിച്ചാണ് ഈ കണക്ക്. ധ്രുവങ്ങളിൽ മാത്രമാണ് ഇപ്പോൾ ശോഷണം കുറയുന്നത് എന്ന് അത്മോസ്ഫിയറിക് കെമിസ്ട്രി ആൻഡ് ഫിസിക്സ് ജേണലിൽ യൂറോപ്യൻ ജിയോ സയൻസെസ് യൂണിയൻ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു.


# ART CORNER




NIDHINA MANOJ ,7C



JOJI JOHNSON
9B





ABHAY, 9C

# Oh...Life

Oh life... oh love

You are like a butterfly

Lovers are the flowers

which keep happiness

oh life... oh life

you are like a pearl.

Lovers are pearl

which keep family together for happiness.

ASIYA. S, 9C

# ഓണക്കവിത

ഓണമെന്നാൽ എനിക്കമ്മതൻ മാധുര്യം

ഓണമെന്നാൽ എനിക്കച്ഛൻെറ വാത്സല്യം

ഓണമെന്നാൽ എനിക്ക് കുഞ്ഞനുജത്തിതൻ

സ്നേഹവും,

ഓണമെൻ നാടിൻ അഭിമാനം

ഓണമെൻ മനസ്സിൽ നിറയുന്ന

ഓർമ്മതൻ മാധുര്യം നിറയുന്ന എൻ മനസ്സിൽ,

ഓണത്തിൻ അമ്മ തൻ വാത്സല്യം

ഓണസദ്യയായ് മനസ്സിൽ നിറഞ്ഞതും

അച്ഛൻ തന്ന പുത്തൻഉടുപ്പിൻ മണവും

എന്നിൽ നിറയുന്ന മാധുര്യം

അത്തം മുതൽ പത്ത് ദിനം ഞാനെൻ

മുറ്റത്തു ഞാൻ മാവേലിയേ വരവേറ്റതും,

എൻ സ്മരണയിൽ നിറയുന്ന മാധുര്യം

**NANDANA.S, 9C**

# അമ്മ

അമ്മ എന്ന വാക്കിനർഥം അറിയുകില്ല ഈ ജനതക്ക് അമ്മയുടെ
ശ്രേഷ്ഠത അറിയുകില്ല.

നൊന്തുപ്രസവിച്ചതും മറന്നുപോകുമീജനത
പാലൂട്ടിവളർത്തിയതും മറന്നു പോകും

സങ്കടങ്ങളുണ്ടെങ്കിൽ പറയുകയില്ല അമ്മ
എന്നുമെന്നും മനസിനുള്ളിൽ ഒളിപ്പിക്കും

അമ്മ എന്ന രണ്ടക്ഷരഠ നൽകിടുഠ അറിവുകൾ ഈ ലോകമെങ്ങുഠ
പറന്നിടട്ടെ

വൃദ്ധസദനത്തിൽ നോക്കുവിൻ എത്ര അമ്മമാർ അവിടെ
മക്കളെ ഓർത്തുകൊണ്ടു കരയുകയാണോ?

ആശ്വാസവാക്കുകൾ പറഞ്ഞിടുവാൻ ആരുമില്ല
മുത്തംതരുവാൻ ആരുമില്ല

അമ്മയെ ഒരു ശാപമായി കരുതുകയാണോ നിങ്ങൾ
അമ്മതൻ മഹത്വം അറിയുക നിങ്ങൾ

അമ്മയുടെ സ്നേഹം എത്ര കൊതിക്കുന്ന
പിഞ്ചുമക്കൾ ഉണ്ടെന്നറിയുക നിങ്ങൾ

AKHILA KRISHNA.D

൭A

# പക

തിപ്പൻ പാമ്പും ചുങ്കൻ തവളയും ചങ്ങാതിമാരായിരുന്നു .അത്ഭുതം തോന്നുന്നല്ലേ?അങ്ങനെയായിരുന്നു .

കുളത്തിലായിരുന്നു അവരുടെ താമസം .തവളയ്ക്കു ആഹാരത്തിനു വേണ്ടതായ പ്രാണികളെ കാണിച്ചു കൊടുക്കാൻ പാമ്പ് സദാ സന്നദ്ധമായിരുന്നു .അതുപോലെ പാമ്പിന്റെ ഇരയെ ചൂണ്ടിക്കാണിച്ചു കൊടുത്തിരുന്നത് തവളയുമായിരുന്നു .

താനിക്കു ശത്രുതയുള്ള തവളകളേയും എലികളേയും പാമ്പിന് ഇരകളായി കാണിച്ചു കൊടുത്ത് ചുങ്കൻ തവള പക പോക്കി .

ഈ പ്രവൃത്തി മൂലം ചുങ്കന് ശത്രുക്കളുടെ എണ്ണം വർദ്ധിച്ചു .തിപ്പന്റേയും ചുങ്കന്റേയും കണ്ണിൽപ്പെടാതെ കഴിയാൻ തവളകളും എലികളും ഒളിച്ചും പതുങ്ങിയുമാണ് നടന്നിരുന്നത് .

ഒരിക്കൽ ചിണ്ടൻ തവളയുടെ ചേട്ടനെ തിപ്പൻ വിഴുങ്ങി .ചുങ്കനാണ് ചിണ്ടന്റെ ചേട്ടനെ കാണിച്ചുകൊടുത്തത് .

ചുങ്കന്റെ ശല്യം മൂലം എലികളുടെ എണ്ണവും കുറഞ്ഞു വന്നു .ഇങ്ങനെ പോയാൽ എലികളുടേയും തവളകളുടേയും വംശം തന്നെ നാമാവശേഷമാകുമെന്ന് അവർക്കു തോന്നി .

എലികളേയും തവളകളേയും രക്ഷിക്കാൻ എന്താണൊരു  മാർഗ്ഗം?ചിണ്ടന്റെ നേതൃത്വത്തിൽ മൂഷിക മാക്രി സംയുക്ത യോഗം കൂടി തലപുകഞ്ഞാലോചിച്ചു .അപ്പോൾ

കോമനെലി പറഞ്ഞു ."കുന്തിപ്പുഴക്കരയിലെ കുറ്റക്കാട്ടൽ ചെമ്പൻകീരിയുടെ മാളമുണ്ട് .അവനെ കണ്ടാൽ തിപ്പന്റെ പത്തി താഴും .ഉടനെ ചെമ്പൻ കീരി തിപ്പനെ കടിച്ചു കൊല്ലുകയും ചെയ്യും ."

"നമുക്കു ചെമ്പനെ കൊണ്ടുവരാം. ' "മാക്കാൻ തവളയുടെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു കൈയ്യടിച്ചു .

അപ്പോൾ ചുങ്കനെയോ?ചിണ്ടൻതവള ചോദിച്ചു .അവനേയും വിടരുത് .

അവന്റെ കാര്യം ഞാനേറ്റു .കേട്ടോളൂ മഞ്ഞത്തവള പറഞ്ഞു .

"അതിനൊരു വഴിയുണ്ട് .മാഞ്ഞാലികുന്നിൽ ഉണങ്ങി നിൽക്കും പ്ളാവിൻ ചോട്ടിലെ പൊത്തിൽ ഒരു മഞ്ഞച്ചേര കിടപ്പുണ്ട് .അവൻ എന്റെ ഒരു ചങ്ങാതിയാണ് .ഞാൻ വിളിച്ചാൽ അവൻ ഓടിയെത്തും .അവനോട് ഒരു വാക്കു പറഞ്ഞാൽ മതി,ചുങ്കൻതവളയെ വിഴുങ്ങിക്കൊള്ളും എന്താ?"

മഞ്ഞത്തവള പറഞ്ഞത് എല്ലാവരും ശരിവച്ചു .കോമനെലി ചെമ്പൻ കീരിയേയും മഞ്ഞത്തവള മഞ്ഞച്ചേരയേയും വിളിച്ചുകൊണ്ടുവന്നു .


ചെമ്പൻ കീരിയെ കണ്ടപ്പോൾ തിപ്പൻ പാമ്പ് ഓടി രക്ഷപ്പെടാൻ ഒരു ശ്രമം നടത്തി .എങ്കിലും ഒരടി പോലും മുന്നോട്ടു പോകാൻ കഴിയാതെ പത്തി താഴ്ത്തി നിന്നു .

പിന്നീടുള്ള കാഴ്ച കാണേണ്ടതു തന്നെയായിരുന്നു .ചെമ്പൻ കീരി തിപ്പനു ചുറ്റും ഒരു പ്രക്ഷിണം വച്ചു .പിന്നെ അവന്റെ കടിയേറ്റപ്പോൾ പാമ്പിന്റെ ചുറ്റഴിഞ്ഞു .

അവർ തമ്മിൽ പൊരിഞ്ഞ പോര് നടന്നു .എന്തിന് .ചെമ്പന്റെ കടിയേറ്റ തിപ്പൻ പാമ്പ് രണ്ടു കക്ഷണമായി

കിടന്നു പിടച്ചു .അല്പ സമയത്തിനുള്ളിൽ അവന്റെ ചലനം നിലച്ചു.

JAIMY.J
9B



## പ്രതികാരം പാടില്ല

ചെറു മത്സ്യങ്ങളെ പിടിക്കാനായി തോട്ടുവക്കിലിരിക്കുക-യായിരുന്നുകനകൻ കൊറ്റി.അപ്പോഴാണ് തോടിലൂടെ കാലൻ ഞണ്ട് ഇഴഞ്ഞു പോകുന്നത് കണ്ടത്.കനകന് ദേഷ്യവും സങ്കടവും ഉള്ളിൽ തിളച്ചു പൊങ്ങി.ഇവന്റെ മുത്തശ്ശനാണ് തന്റെ മുത്തപ്പനെ കഴുത്തിനിറക്കി കഥകഴിച്ചത്. എല്ലാവർക്കും അറിയാം അത് വർഷങ്ങൾക്ക് മുൻപ് നടന്ന കഥയാണെന്ന്.എന്നാലും കൊറ്റികളുടെ തലമുറകൾക്ക് ആ ദുരന്ത കഥ മറക്കാനാകുമോ?കാലൻ ഞണ്ടിനെ കെണിയിൽ പെടുത്തി വകവരുത്താൻ കനകൻ കൊറ്റി ഒരുകൗശലമെടുത്തു.അവൻ ദവ്യത നടിച്ച് കൊണ്ട് ഞണ്ടിനരികെ ചെന്നു. കനകന്റെ നേരെ നോക്കിയപ്പോൾ അവന്റെ കണ്ണുകളിൽ പ്രതികാരം ഒളിപ്പിച്ചിരിക്കുന്നതായി കാലനുതോന്നി.എന്നാലും അത് അറിഞ്ഞതായി ഭാവിച്ചില്ല.നമ്മുടെ മുത്തച്ഛന്മാർ തമ്മിലുണ്ടായിരുന്ന വഴക്ക് നാം മറക്കണം.അവരൊക്കെ ഇന്നില്ലല്ലോ.നമ്മക്ക് ചങ്ങാതിമാരായി സമാധാനത്തോടെ കഴിയാം.കനകൻ കൊറ്റി കാലൻ ഞണ്ടിനോട് പറഞ്ഞു. അതിനെന്താ കനകാ നിന്നെ ഞാൻ ശത്രുവായി കരുതിയിട്ടില്ലല്ലോകാലൻ ഞണ്ട് പറഞ്ഞു


വിസ്മയം

എനിക്ക് ഇപ്പോഴാണ് മനഃശാന്തി കി-
ട്ടിയത്.ഞാൻ നിന്റെ പുറന്തോടിലൊന്നു
തൊട്ടോട്ടെ.കനക-
ൻ ആഗ്രഹം പ്രകടിപ്പിച്ചു "അതിനെന്താ ഇന്നുമുതൽ
നീയെന്റെ
സഹോദരനല്ലേ"ഞണ്ട് സ്നേഹത്തോടെ പറഞ്ഞു. കൊറ്റി
ചുണ്ടുകൊണ്ട് തലോടാനെന്ന ഭാവേന കാലൻ ഞണ്ടിന്റെ
പുറന്തോടിൽ സർവ്വശക്തിയു-
മെടുത്തു ആഞ്ഞുകൊത്തി.എന്നാൽ ഞണ്ടിന്റെ
പുറന്തോട്ഉറപ്പുള്ളതായതുകൊണ്ട് കൊറ്റിയുടെ നീളമുള്ള
ചുണ്ട് വളഞ്ഞ് വേദനിച്ചതല്ലാതെ ഞണ്ടിന്റെ
പുറംതോടിന് ഒരു പോറൽ പോലും ഏറ്റില്ല.സ്നേഹം നടിച്ച്
തന്നെ കൊല്ലാൻ ശ്രമിച്ചകൊറ്റിയുടെ സൂത്രം ഞണ്ടിന്
മനസ്സിലായി. അവൻ തന്റെ ബലമുള്ള കാലുകൾ
കൊണ്ട്കൊറ്റിയുടെ കാലിൽ ഇറുക്കി പിടിച്ചു.അവന്
ഞണ്ടിന്റെ കാലുകളിൽ നിന്ന് രക്ഷപ്പെടാൻ
കഴിഞ്ഞില്ല.കാലൻ ഞണ്ട് കനകൻ കൊറ്റിയെ വലിച്ചിഴച്ച്
വെള്ളത്തിനടിയിലേക്ക് കൊണ്ടുപോയി.

ദുർഗ.സി.എസ്"

# होली आई

सुख से हँसना
जी भर गाना
मस्ती से मन को बहलाना
पर्व हो गया आज-
साजन ! होली आई है!
हँसाने हमको आई है!



साजन! होली आई है!
इसी बहाने
क्षण भर गा लें
दुखमय जीवन को बहला लें
ले मस्ती की आग-
साजन! होली आई है!
जलाने जग को आई है!

साजन! होली आई है!
रंग उड़ाती
मधु बरसाती
कण-कण में यौवन बिखराती,
ऋतु वसंत का राज-
लेकर होली आई है!
जिलाने हमको आई है!

साजन ! होली आई है!
खूनी और बर्बर
लड़कर-मरकर-
मधकर नर-शोणित का सागर
पा न सका है आज-
सुधा वह हमने पाई है !
साजन! होली आई है!


# THE GIANT CAKE

Each year I have a birthday,
When people buying me toys;
And mother gives a party,
To lots of girls and boys.

I have a cake with candles,
And icing pink and white;
With rosy candles lighted,
It makes a lovely sight.

Each year the cake grows larger,
Another light to take;
So if I grow much older,I'll need a giant's cake!

GANESH.D, 9C



# ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

**ഒന്നാം ഘട്ടം**

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാറുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

**രണ്ടാം ഘട്ടം**

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ

**സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.**

### സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം,

ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാര്യരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും

കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

## ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്തിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി

**1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.**

**ആധുനികതയ്ക്കു ശേഷം**


**ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.**

**ഉത്തരാധുനികത**


**1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.**

**സഹീർ.എസ്**

**9B**



# चींटी लाई राखी



बजी द्वार पर घंटी ट्रिन ट्रिन,
हाथी जी चकराए।
फंदक-फंदक कर गुस्से में वह,
दरवाजे तक आए।
देख गेट पर चींटी
जी को,
क्रोध हुआ काफूर।
सूंड उठाकर पूछा मुझसे,
क्या कुछ हुआ कसूर?

चींटी
बोली अरे! नहीं रे,
डर मत मेरे भाई।
रक्षाबंधन पर भैया मैं,
राखी लेकर आई।

# ബലൂൺകുട്ടൻ

ഒന്നാം കുന്നിന്റെ ഓരത്തായിരുന്നു ഉണ്ണിക്കുട്ടന്റെ വീട്. ഉണ്ണിക്കുട്ടൻ ഉമ്മറം പൊയിൽ ഉത്സവത്തിനു പോയപ്പോൾ ഒരു സ്വർണക്കണ്ണുള്ള ബലൂൺ വാങ്ങി. വീട്ടിൽ വന്ന ഉടൻ ഉണ്ണി ബലൂണിൽ ചരടുകെട്ടി തട്ടാനും മുട്ടാനുംതുടങ്ങി. വേദന സഹിക്കവയാതെ ബലൂണുകുട്ടൻ കരയാൻ തുടങ്ങി .

ഉണ്ണിക്കുട്ടൻ കാണാതെ ബലൂണുകുട്ടൻ അരിച്ചാക്കിൽ കയറിയിരുന്നു.സമയം 4 മണിയായി .അമ്മ അരിയെടുക്കാൻ വരുന്നത് ബലൂൺ ചാക്കിനിടയിലൂടെ കണ്ടു

ബലൂണുകുട്ടൻ ഒറ്റച്ചാട്ടത്തിന് തട്ടിൻപുറത്തെത്തി ബലൂണുകുട്ടനെ കാണാതെ ഉണ്ണിക്കുട്ടൻ ചിണുങ്ങിക്കൊണ്ട് പറഞ്ഞു.എന്റെ ബലൂണുകുട്ടനെ കാണാനില്ല.അതാണോ

കാര്യം.സാരമില്ല.നമുക്കു നോക്കാം–,അമ്മ അ(തയ്യേ പറഞ്ഞ് രണ്ടുപേരും കൂടി ബലൂണുകുട്ടനെ തപ്പാനും തെരയാനും തുടങ്ങി.ഉണ്ണിക്കുട്ടനും അമ്മയും തപ്പോടു തപ്പ് തന്നെ.ഇതൊക്കെ കണ്ടുകൊണ്ട് ബലൂണുകുട്ടൻ തട്ടിൻപുറത്തിരുന്ന് ചിരിച്ചു.ഉണ്ണിക്കുട്ടൻ മേലോട്ടു നോക്കിയപ്പോൾ രണ്ടു തിളങ്ങുന്നാക്കൾ ബലൂണുകുട്ടൻ കരഞ്ഞു പറയാൻ തുടങ്ങി. എന്റെ ദേഹം വേദനിച്ചിട്ടുവയ്യ.ഞാനിനി നിന്റെ കൂടെ കളിക്കാനില്ല. ഞാൻ കൂട്ടുവെട്ടി.

ബലൂണിന്റെ മുഖം വീർപ്പിച്ച് തിരിഞ്ഞിരുന്നു. ഉണ്ണിക്കുട്ടൻ സമ്മതം ചെയ്തു. ഇനി നിന്നെ ഞാൻ വേദനിക്കില്ല. വാ.... എന്റെ കൂടെ കളിക്കാൻ. ഉണ്ണിക്കുട്ടന്റെ ഉറപ്പുകേട്ട ബലൂണുകുട്ടൻ താഴോട്ടിറങ്ങി. അവർ തുള്ളിച്ചാടി മൈതാനത്തേയ്ക്കു പോയി.

# BYE BYE

# GOOD LUCK

